കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2556/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,
ഫോൺ. 04712331231
ഇ-മെയിൽ lfadtvm@yahoo.in
തീയതി : 05.02.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2556/2018

തീയതി : 05.02.19

## തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ **2017-18**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.07.2017 മുതൽ 22.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 60 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.18 മുതൽ 28.11.18 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ്സലീം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സ്വപ്ന.ആർ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ജിജി.എസ് ഗോപിനാഥ് | ഓഡിറ്റർ |
| ശ്രീ. അരുൺദേവ്.വി.ആർ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ക്രിസ്റ്റിസൈമൺ, പുതുവൽപുരയിടം, അഞ്ചുതെങ്ങ് | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.സുമേഷ്.കെ.ആർ, ടി.സി.14/389,ആമ്പാടി, പാളയം,തിരുവനന്തപുരം | 1.4.17 മുതൽ 27.6.17 വരെ |
| | ശ്രീമതി ഓമന ദേവദാസ്, ടി.സി13/1804-3, എ.ആർ.ആർ.എ 32, അവിട്ടം റോഡ്, മെഡിക്കൽ കോളേജ്- 11 | 28.6.17 മുതൽ 31.3.18 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോ ദ്യോഗസ്ഥർ | പേര് | മേൽവിലാസം | കാലയളവ് |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.മാധുരി.കെ.ജി | മധുരിമ, തളിയൽ, കരമന, തിരുവനന്തപുരം | 1.4.17 മുതൽ 17.10.17 വരെ |

| | | | |
|---|---|---|---|
| | ശ്രീ.അരുൺ ചന്ദ് | അരുൺനിവാസ്, ചാത്തന്നൂർ പി.ഒ, കൊല്ലം | 17.10.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ശാംജി.ഒ.എസ് | ഗേർലി മഹൽ, പുന്നമൂട്, വർക്കല | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റസീനബീവി | ജബ്ബാർ ബിൾഡിംഗ്, കടയ്ക്കാവൂർ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.തങ്ക.ആർ | കണിയാൻവിളാകം, ശാർക്കര, ചിറയിൻകീഴ് | 1.4.17 മുതൽ 31.3.18 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ഷിജു.എസ്.വി | അനശ്വര, നെടുംകാട്, കരമന, തിരുവനന്തപുരം | 1.4.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.ജി.ഗോപകുമാർ | സോപാനം, മച്ചേൽ 10, മലയിൻകീഴ്, തിരുവനന്തപുരം | 1.4.17 മുതൽ 5.6.17 വരെ |
| | ശ്രീമതി ശാന്തി.എൻ | | 22.6.17 മുതൽ 28.11.17 വരെ |
| | ശ്രീ.ഫൈസൽ.എം | സഫ, മരുതികുന്ന് പി.ഒ | 29.11.17 മുതൽ 31.3.18 വരെ |
| കൃഷി ഓഫീസർ | ശ്രീ.എൻ.ചിത്തരഞ്ജൻ | ടി.സി14/405(1) ഫ്രണ്ട്സ് നഗർ, പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ | 1.4.17 മുതൽ 23.5.17 വരെ |
| | ശ്രീമതി ലക്ഷ്മിദാസി | ശാന്തിനികേതൻ, നിലയ്ക്കാമുക്ക്, ആലംകോട് | 23.5.17 മുതൽ |
| | ശ്രീമതി രാഖി.സി.കെ | ആദികൃഷ്ണം. പേയാട് പി.ഒ, തിരുവനന്തപുരം | 19.9.18 മുതൽ 31.3.18 വരെ |
| വി.ഇ.ഒ | ശ്രീ.ഹരികുമാർ | | 1.04.17 മുതൽ 27.01.18 വരെ |
| | ശ്രീ.വിനോദ്.റ്റി | ബേബിഭവൻ, കുന്തള്ളൂർ | 28.1.18 മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ഗീത.ജി.ആർ | ഗീതാഞ്ജലി, മുട്ടപ്പലം, ശ്രീനിവാസപുരം | 1.4.17 മുതൽ 31.3.18 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.വിഷ്ണു.എസ്.രാജ് | വാഴപ്പിള്ളി വീട്, ആദിച്ചനല്ലൂർ പി.ഒ, കൊല്ലം | 1.4.17 മുതൽ 31.3.18 |

| | | | |
|---|---|---|---|
| | | | വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതിമിനിമോൾ.ഡി.കെ. | | 1.4.17 മുതൽ 15.9.17 വരെ |
| | ശ്രീ. ബിജു.വി.ഒ | | 16.9.17 മുതൽ 12.11.17 വരെ |
| | ശ്രീമതി.മഞ്ജു.വി | | 13.11.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സീമതമ്പി | ശ്യാംസദൻ, ടി.സി 10/107 എസ്.ഡബ്യൂ.ആർ.എ 133, സ്വാതിനഗർ ലെയിൻ, പേരൂർക്കട പി.ഒ,തിരുവനന്തപുരം | 1.4.17 മുതൽ 20.8.17 വരെ |
| | ശ്രീമതി.ജ്യോതിജയറാം | ഇലങ്കത്തിൽ , കായിക്കര | 21.8.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| സൂചിക | | |
|---|---|---|
| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
| ഭാഗം- **1**<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം-**2**<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 13 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം | 2-1 |
| 14 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-2 |
| 15 | ഭവന നിധി രൂപീകരിച്ചിട്ടില്ല | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-4 |
| 17 | ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-5 |
| 18 | ആശുപത്രികൾ-വസ്തു നികുതി ഒടുക്കിയിട്ടില്ല. | 2-6 |
| 19 | രജിസ്ട്രേഷൻ ഇല്ലാതെ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 |
| 20 | സ്വകാര്യ ഡയറി ഫാം - ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 2-8 |
| 21 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2-9 |
| 22 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല | 2-10 |
| 23 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-11 |
| 24 | ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-12 |
| 25 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 2-13 |
| 26 | ഡി & ഒ ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല | 2-14 |
| 27 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-15 |
| 28 | ഓഡിറ്റ് ഇംപാക്ട് | 2-16 |
| ഭാഗം-**3**<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 29 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 3-1 |
| 30 | ബജറ്റ് രൂപീകരണം നടപടിക്രമം പാലിച്ചില്ല | 3-2 |

| | | |
|---|---|---|
| 31 | വാക്കം കുളം കുടിവെള്ള പദ്ധതി ലക്ഷ്യം കണ്ടില്ല | 3-3 |
| 32 | എബിസി പ്രോഗ്രാം വിനിയോഗ വിവരമില്ല | 3-4 |
| 33 | മത്സ്യബന്ധന മേഖലയിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടൽ അനിവാര്യം | 3-5 |
| 34 | ഫർണ്ണിച്ചറും ഐസ്സോക്സുകളും പൂർണ്ണമായും വിതരണം ചെയ്തില്ല | 3-6 |
| 35 | കാർഷികമേഖലയിലെ പ്രോജക്ടുകൾ മോണിറ്ററിംഗ് ഫലപ്രദമാകണം | 3-7 |
| 36 | മരുന്നുവാങ്ങൽ പദ്ധതി – മരുന്ന് ലഭ്യമായില്ല | 3-8 |
| 37 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാതൃകാപരം | 3-9 |
| 38 | തെരുവ് വിളക്ക് മീറ്ററിംഗ് സംവിധാനം നടപ്പാക്കിയില്ല | 3-10 |
| 39 | ജാഗ്രത സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 3-11 |
| 40 | അങ്കണവാടികളിലെ പോഷകാഹാരം ഗുണനിലവാരം ഉറപ്പ് വരുത്തണം | 3-12 |
| 41 | സബ്സിഡി മാർഗ്ഗരേഖയിലെ അവ്യക്തത – സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു | 3-13 |
| 42 | ആശ്രയ പദ്ധി നടപ്പാക്കുന്നതിൽ വീഴ്ച | 3-14 |
| 43 | സാമൂഹ്യ നീതി- സ്റ്റാറ്റസ് റിപ്പോർട്ട് പ്രാവർത്തികമാക്കുന്നില്ല | 3-15 |
| 44 | അങ്കണവാടികൾക്ക് അധിക വാടക-അധിക തുക നൽകുന്നു. | 3-16 |
| 45 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ടിൽ നിന്നും വ്യതിചലിച്ചു. | 3-17 |
| ഭാഗം**-4**<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 50 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 53 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥ തുക | കുറവ് | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2017-18 | 22.03.2017 | വരവ് | 125939483 | 66462936 | 59476547 | 47.23 |
| | | ചെലവ് | 122732000 | 63063199 | 59668801 | 48.62 |
| | | മിച്ചം | 3207483 | 3399737 | -192254 | -6 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 21.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1462/2018, 5.07.18 പ്രകാരം പ്രത്യേകമായി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റെസീപ്റ്റ് & പേയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 3253305.00 |
| വരവ് | 63209631.00 |
| ആകെ | 66462936.00 |
| ചെലവ് | 63063199.00 |
| നീക്കിയിരുപ്പ് | 3399737.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫ ജനറൽ | 0 | 15649677 | 15649677 | 15649677 | 0 |
| വി.ഫ എസ്.സി.പി | 0 | 2001720 | 2001720 | 2001720 | 0 |
| മെ.ഫ റോഡ് | 0 | 2582908 | 2582908 | 2582908 | 0 |
| മെ.ഫ റോഡിതരം | 0 | 2894863 | 2894863 | 2894863 | 0 |
| സി.എഫ്.സി | 0 | 7993696 | 7993696 | 7993696 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 19401862 | 19401862 | 19401862 | 0 |
| ടി.എസ്.ബി - തനത് ഫണ്ട് | 913786 | 6826800 | 7740586 | 7679142 | 61444 |
| എസ്.ബി.റ്റി - തനത് ഫണ്ട് | 2301696 | 4802443 | 7104139 | 3826868 | 3277271 |
| എൻ.ആർ.ഇ.ജി.എസ് | 33678 | 713867 | 747545 | 741998 | 5547 |
| ബി.ഫണ്ട് | 0 | 286320 | 286320 | 286320 | 0 |
| ക്യാഷ് ഇൻ ഹാന്റ് | 4145 | 55475 | 59620 | 4145 | 55475 |

## 1-6 പദ്ധതി അവലോകനം

*2017-18 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.*

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 1608121 | 5 | 1529600 | 0 | 1 | 83.3 |
| 2 | വെറ്ററിനറി സർജൻ | 4 | 2111601 | 4 | 1311200 | 0 | 0 | 100 |
| 3 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1000000 | 1 | 995277 | 0 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 12500 | 2 | 12500 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 600000 | 3 | 600000 | 0 | 0 | 100 |
| 6 | ഫിഷറീസ് ഓഫീസർ | 3 | 4880000 | 3 | 2564934 | 0 | 0 | 100 |
| 7 | വി.ഇ.ഒ | 8 | 8593158 | 6 | 5902798 | 0 | 2 | 75 |
| 8 | ഐ.സി.ഡി.എസ് | 4 | 1909800 | 4 | 1831096 | 0 | 0 | 100 |
| 9 | സെക്രട്ടറി | 18 | 13833948 | 13 | 10685758 | 0 | 5 | 72 |
| 10 | അസി. എഞ്ചിനീയർ | 35 | 14981390 | 10 | 3641222 | 21 | 4 | 28.5 |
| 11 | ഹെഡ്മാസ്റ്റർ | 4 | 1496410 | 3 | 1359190 | 0 | 1 | 75 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 75000 | 1 | 50000 | 0 | 0 | 100 |
| 13 | അസി.സെക്രട്ടറി | 6 | 557000 | 3 | 336000 | 0 | 3 | 50 |
| | ആകെ | **95** | **48908928** | **58** | **28477175** | **21** | **16** | |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി - വിശദാംശം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 33677.5 | 713864 | 747541.5 | 741994 | 5547.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18536838 | 18536838 | 18536838 | 0 |
| ആകെ | 33677.5 | 19250702 | 19284379.5 | 19278832 | 5547.5 |

•

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 46320 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 77800 | 6 |
| വിധവാ പെൻഷൻ | 8961000 | 787 |
| വാർദ്ധക്യകാലപെൻഷൻ | 19969400 | 1624 |
| വികലാംഗ പെൻഷൻ | 3628200 | 300 |
| വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 396600 | 34 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.18 ന് രാവിലെ 10.30 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,887/- രൂപയുടെ ബാലൻസ് ഉണ്ടെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**1)** ഫ്രണ്ട് ഓഫീസ് പ്രവർത്തനം

1) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്തിട്ടില്ല

2) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയച്ച് ഡെസ്പാച്ച് രേഖപ്പെടുത്തുന്നില്ല

3) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിലും അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നില്ല

4) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

5) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

**2)** <u>ക്യാഷ് ബുക്ക്</u>

ഡയറി ഫാം ഇൻസ്ട്രക്ടർ റ്റി.ആർ .7എ.ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.10.18 | 8/18 മുതൽ 9/18 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.3.14 മുതൽ 25.3.14 വരെ | 2008-09 മുതൽ 2012-13 വരെ | 17.5.14 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഇല്ല

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

ബാലൻസ് ഷീറ്റ് B7 ഷെഡ്യൂൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് ഇനത്തിൽ ശേഷിക്കുന്നുണ്ട്.

| ഇനം (കോഡ്) | 2014-15 ബാലൻസ് | 2015-16 ബാലൻസ് | 2016-17 ബാലൻസ് | 2017-18 ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|---|
| ബിഡ്ഡേഴ്സ് ഇ.എം.ഡി (340100103) | 0 | 1250 | 1250 | 8750 (1250 + 7500) | 2015-16 മുതൽ ഒരേ തുക നിലനിൽക്കുന്നു |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100201) | 234923 | 234923 | 234923 | 234923 | 2014-15 മുതൽ ഒരേ തുക നിലനിൽക്കുന്നു |
| മറ്റ് ഡെപ്പോസിറ്റ് (340109901) | 0 | 23000 | 23000 | 23000 | 2015-16 മുതൽ ഒരേ തുക നിലനിൽക്കുന്നു |
| ലേല ഡെപ്പോസിററ് (340200102) | 0 | 33250 | 33250 | 33250 | 2015-16 മുതൽ ഒരേ തുക നിലനിൽക്കുന്നു |
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി (340100101) | 0 | 9700 | 15000 (9700 + 7500 - 2200) | 15000 | 2015-16 മുതൽ തുക നിലനിൽക്കുന്നു. |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 18/23.11.18 ന് മേൽ തുകകൾ യാതൊന്നും പഞ്ചായത്തിൻ മുതൽക്കൂട്ടിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്.

## 2-2 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തിൽ 15 റേഷൻകടകൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവരുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17 / 23.11.18 ന് ഒരു കടയും ലൈസൻസ് എടുത്തിട്ടില്ലെന്ന് മറുപടി ലഭിച്ചു . റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്.

## 2-3 ഭവന നിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവന നിധി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മേൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്കും പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

a) സെന്റ് ജോസഫ് എച്ച്.എസ് അഞ്ചുതെങ്ങ് ഒന്നാം അർദ്ധവർഷ പത്രിക പ്രകാരം അലോഷി.റ്റി.ഡി, ഹൈസ്കൂൾ അസിസ്റ്റന്റിന്റെ "സാലറി ട്രാസ്ഫേർഡ് ചെയ്തിട്ടില്ല" എന്നാണ് രേഖപ്പെടുത്തുകയും അക്കാരണത്താൽ തൊഴിൽ നികുതി ഒടുക്കുകയും ചെയ്തിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/23.11.18ന് തൊഴിൽ നികുതി ഒടുക്കുന്നതാണ് എന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചതായി മറുപടി ലഭിച്ചു (ഇത് സംബന്ധിച്ച ഹെഡ്മിസ്ട്രസിന്റെ

121/18-19, 27.11.18 നം കത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്).

പത്രിക പ്രകാരം തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

b) പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സീവ്യൂ എന്ന ഓഡിറ്റോറിയത്തിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരമുള്ള ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലക്ഷ്മി ഫിനാൻസ് എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. 2016-17 സാമ്പത്തിക വർഷവും ഈ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22 / 23.11.18 ന് 26.11.18 ലെ ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് പ്രകാരം ഈ സ്ഥാപനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരമില്ലാത്തത് തനത് വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നു. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ആശുപത്രികൾ- വസ്തുനികുതി ഒടുക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ എന്ന ഇനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ഡോർ നം | പേര് , വിലാസം | റിമാർക്ക്സ് |
|---|---|---|
| 3/325 | ഷാനവാസ് , കൊച്ചുവീട് | 2015-16 മുതൽ ഒടുക്കിയിട്ടില്ല |
| 6/562 | ഡോ.ജി.മനോജ്കുമാർ, സിന്ധുഭവൻ | 17-18 ൽ ഒടുക്കിയിട്ടില്ല |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 34 / 26.11.18 ന് മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-7 രജിസ്ട്രേഷൻ ഇല്ലാതെ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം ഇത് ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5,000/- രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഒരോ

ദിവസത്തിനും 500/- രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ എന്ന ഇനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ഡോർ നം | പേര് , വിലാസം |
|---|---|
| 3/325 | ഷാനവാസ് , കൊച്ചുവീട് |
| 6/562 | ഡോ.ജി.മനോജ്കുമാർ, സിന്ധുഭവൻ |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തുടർ നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-8 സ്വകാര്യ ഡയറി ഫാം - ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

മൃഗസംരക്ഷണം ക്ഷീരവികസനം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 സ്വകാര്യ ഡയറി ഫാം പ്രവർത്തിക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ലൈസൻസുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/27.11.18 ന് ക്ഷിരോല്പാദക സഹകരണസംഘം T-356 APCOS എന്ന പേരിൽ പാൽ സംഭരണവും വിതരണവും ചെയ്യുന്നതിന് ഒരു സ്ഥാപനം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് എന്ന് മറുപടി ലഭിച്ചു. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പ്രവർത്തിക്കുന്നതായി കാണിച്ചിട്ടുള്ള 3 സ്വകാര്യ ഡയറി ഫാമിനെ കുറിച്ചുള്ള യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിച്ച് ലൈസൻസിലാതെ സ്ഥാപനങ്ങൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

## 2-9 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 2,32,858/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു .

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 2,329/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു.

കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് വരുമാനക്കുറവ് ഉണ്ടാകുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-10 വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം 4 പ്രകാരം ലൈസൻസിനായി അതിന്റെ പ്രായം , നിറം, ഇനം, മുതലായ വിവരങ്ങൾ കാണിച്ച് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ലൈസൻസ് ഇല്ലാതെ 328 നായ്ക്കൾ ഉണ്ടെന്ന്

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ, പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷം ആകെ 16 നായ്ക്കൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

ലൈസൻസ് പൂർണ്ണമായും എടുക്കാത്തതുമൂലം തനത് വരുമാനത്തിൽ കുറവുണ്ടാകുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ലൈസൻസ് ഇല്ലാത്ത നായ്ക്കൾ 328 എണ്ണത്തിന് ഉടമകളില്ലാത്തവ ഒഴികെയുള്ളവയ്ക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-11 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് | വിലാസം |
|---|---|---|
| 1 | ജോൺസെന്റ് | കൃപ ഭവൻ, ഇരുമ്പിൽ, അരുവിപ്പുറം, നെയ്യാറ്റിൻകര |
| 2 | അലക്സാണ്ടർ | അലക്സ്വില്ല, അഞ്ചുതെങ്ങ് |
| 3 | കവിരാജൻ.എസ് | അശ്വതി, കടയ്ക്കാവൂർ |
| 4 | സുദേവൻ.എൻ | ലയത്തിൽവീട് |
| 5 | അനിൽകുമാർ.എസ് | ചെറുവിളവീട്, മേൽകടയ്ക്കാവൂർ |
| 6 | അശോകൻ.വി | വിശ്വകമൽ, കടയ്ക്കാവൂർ |
| 7 | ജോജി.ജെ.എസ് | കൃപ ഭവൻ, ഇരുമ്പിൽ, അരുവിപ്പുറം, നെയ്യാറ്റിൻകര |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 52 / 28.11.18 ന് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവർത്തികൾ നടത്തിയ കരാറുകാരിൽ നിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-12 ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ചുവടെ പറയുന്നസ്ഥാപനങ്ങൾ 2017-18 ൽ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | പേര് , വിലാസം | സ്ഥാപനം |
|---|---|---|
| 1 | സുനിത, എസ്.എസ്.വില്ല, കുളത്തിൻകര, അഞ്ചുതെങ്ങ് | തയ്യൽ യൂണിറ്റ് |
| 2 | ഷിനാസ്.എസ്, കൊച്ചുമണക്കാട് വീട്, വക്കം | മോട്ടോർ & ബോട്ട് സ്പെയർ പാർട്ട്സ് |

| | | |
|---|---|---|
| 3 | പോൾലാസർ, തൈവിളാകം, അഞ്ചുതെങ്ങ് | ഫാൻസി കട |
| 4 | ബീന, ദ്വാരക, കളർകോട് പി.ഒ | ഫ്ലവർ മിൽ |
| 5 | ദാസൻ, കോട്ടപ്പുറം, അഞ്ചുതെങ്ങ് | സ്റ്റേഷനറി കട |
| 6 | ക്രിസ്റ്റി.വി, ജോസഫൈൻ വില്ല, അഞ്ചുതെങ്ങ് | വി സ്റ്റാർ സാനിറ്ററി & ഇലക്ട്രിക്കൽസ് |
| 7 | റോയി, ജോസഫൈൻ വില്ല, അഞ്ചുതെങ്ങ് | സോളാർ പ്രോഡക്ടുകൾ |
| 8 | പി.ചന്ദ്രൻ, വടക്കേതിൽ, അഞ്ചുതെങ്ങ് | ആയുർവ്വേദ മരുന്ന് വിൽപന |
| 9 | സത്യൻ,മേലെവിളയിൽ താഴെവീട്, നെടുങ്ങണ്ട | സ്റ്റേഷനറി |
| 10 | ശരത്ചന്ദ്രൻ, ഇലകം, കായിക്കര | പലചരക്ക് വിൽപന |
| 11 | ഫീന എബ്രഹാം ക്രൂസ്, ഗ്ലാസ് ഹൗസ്, മാമ്പള്ളി | ഫാൻസി & സ്റ്റേഷനറി |
| 12 | റൂബൻ, സ്മൃതി ഭവൻ | ടെയിലറിംഗ് ഷോപ്പ് |
| 13 | അനിത ബിജു, ഇലഞ്ഞിക്കൽ, അഞ്ചുതെങ്ങ് | സ്റ്റേഷനറി |
| 14 | പത്മ രാജു, പത്മ വിലാസം, നെടുങ്ങണ്ട | പലചരക്ക് കച്ചവടം |
| 15 | റാംസൺ ദാസ്, മനുസ്മൃതി, അഞ്ചുതെങ്ങ് | തുണിക്കട |
| 16 | എം.അൻസാരി, ഷേക്കുള്ളമാൻ വിള, മൈതാനം, വർക്കല | സ്റ്റേഷനറി, പുഷ്പ വ്യാപാരം |
| 17 | സത്യകുമാർ, സരിത നിവാസ്, നെടുങ്ങണ്ട | സ്റ്റേഷനറി |
| 18 | വിജു, മുറ്റലത്തോട്ടം, കായിക്കര | സ്റ്റേഷനറി |
| 19 | ജോയ്.ജെ, അയ്യപ്പൻതോട്ടം, കായിക്കര | ബേക്കറി & ഫാസ്റ്റ് ഫുഡ് |
| 20 | അമ്പിളി.റ്റി.എസ്, കെ.കെ.ലാന്റ്, നെടുങ്ങണ്ട | പാത്ര കച്ചവടം |
| 21 | ശ്രീധരൻ, മംഗ്ലാവിൻ വീട്, എയന്തി, വർക്കല | സ്റ്റേഷനറി |
| 22 | ചിത്രാംഗധൻ, ഉതിരക്കുളം, അഞ്ചുതെങ്ങ് | സ്റ്റേഷനറി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം 27 /24.11.18 ന് ഈ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

ഈ ഇനത്തിൽ പഞ്ചായത്തിന് വരമാനകുറവ് സംഭവിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റിൽ ചുവടെ പറയും പ്രകാരം ആകെ 64 സ്ഥാപനങ്ങളുണ്ട് എന്നാൽ ഇതിൽ 54 എണ്ണം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

| വാർഡ് നം | എണ്ണം |
|---|---|
| 1 | 2 |
| 2 | 3 |
| 3 | 10 |
| 4 | 5 |
| 5 | 7 |
| 6 | 7 |
| 7 | 12 |
| 8 | 5 |
| 9 | 2 |
| 10 | 3 |
| 11 | 5 |
| 12 | 1 |
| 13 | 0 |
| 14 | 2 |
| ആകെ | 64 |

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരവിനത്തിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ, മാറിയ കെട്ടിടങ്ങളുടെ വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി&ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232,233, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നല്കകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ട് ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്.

## 2-14 ഡി & ഒ ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിപ്പിച്ചതിൽ ഈ സമയക്രമം പാലിച്ചിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം | സ്ഥാപനം | അപേക്ഷ തീയതി |
|---|---|---|---|
| 1 | വീണ സുനു, കിഴക്കുവിളാകം, കായിക്കര | ഫാൻസി | 27/04/17 |
| 2 | ക്ലമന്റ് ലാസർ, നെട്ടംതോപ്പ് | ബേക്കറി | 04/04/17 |
| 3 | ലോറൻസ്, വാടയിൽ മൂലയിൽ വീട് | സിമന്റ് കട | 01/04/17 |
| 4 | ലോറൻസ്, വാടയിൽ മൂലയിൽ വീട് | ബെഥേൽ ബോട്ട്യാർഡ് | 01/04/17 |
| 5 | റെജി, വിളക്കുമാടം, അഞ്ചുതെങ്ങ് | മെഴുകുതിരി നിർമ്മാണം | 20/04/17 |
| 6 | വി.വിക്രമൻ, വി.എസ്.മന്ദിരം, നെടുങ്ങണ്ട | സ്റ്റേഷനറി | 11/05/17 |
| 7 | രാജാസിംഗ്, പണ്ഡകശാല | ഫിഷ് സ്റ്റാൾ | 23/05/17 |
| 8 | ശ്രീബ സന്തോഷ്, ആനത്തലവട്ടം | ബ്യൂട്ടി പാർലർ | 15/06/17 |
| 9 | മനു.എം, കൈമുണ്ടൻ വിളാകം, നെടുങ്ങണ്ട | സിമന്റ് കച്ചവടം | 25/04/17 |
| 10 | സെക്രട്ടറി | അഞ്ചുതെങ്ങ് ക്ഷീരോല്പാദക സഹകരണ സംഘം | 10/05/17 |
| 11 | മേരി സുരേഷ്, പഴയബംഗ്ലാവ് | പലചരക്ക് വ്യാപാരം | 16/06/17 |
| 12 | ഷാനവാസ്, ഉഷസ്, കായിക്കര | പലചരക്ക് വ്യാപാരം | 05/07/17 |
| 13 | പോൾ ലാസർ, തൈവിളാകം | സ്റ്റേഷനറി | 11/05/17 |
| 14 | സേവ്യർ ഫ്രാൻസിസ്, മുരുക്കുവിളാകം, അഞ്ചുതെങ്ങ് | സ്റ്റേഷനറി | 29/08/17 |
| 15 | കുമാർ, കായിക്കര | സ്റ്റേഷനറി | 27/09/17 |
| 16 | ജൻസി റോബിൻസൺ, നസ്റത്ത് വില്ല | ബേക്കറി | 26/07/17 |
| 17 | കാർമ്മൽ, പുത്തൻ വീട് | ബേക്കറി | 26/09/17 |
| 18 | വിക്ടർ ടൈറ്റസ്, മാടൻവിളാകം, അഞ്ചുതെങ്ങ് | എഞ്ചിൻഓയിൽ സെയിൽസ് | 06/12/17 |
| 19 | ജി.ജയകുമാർ, പോളയ്ക്കൽ വീട്, കായിക്കര | പലചരക്ക് വ്യാപാരം | 22/11/17 |
| 20 | റെക്സ് ഗിൽറ്റസ്, സീവ്യൂ, അഞ്ചുതെങ്ങ് | പ്ലംബിംഗ് | 31/08/17 |

ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരം പിഴ ചുമത്താവുന്നതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-15 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 35,340/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-16 ഓഡിറ്റ് ഇംപാക്ട്

2017-18 സാമ്പത്തിക വർഷത്തിൽ ബി.ജെ.ഫിനാൻസ് രണ്ടാം അർദ്ധ വർഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. ഈ വിവരം ഓഡിറ്റ് എൻക്വയറിയായി (നം.21/23.11.18) ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് 26.11.18ൽ രസീത് നം.118010100803 പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 44/ 19.11.18 ന് ഇവ തയ്യാറാക്കിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്.

റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കേണ്ടതും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-2 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ |
|---|---|---|---|

| നം | | | നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | 1.2.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുൻപ് | 10.2.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുൻപ് | 20.2.2017 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 14.3.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 26.5.2017 ലെ 1 ാം നമ്പർ തീരുമാനം |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 14.3.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | 22.3.2017 ലെ 1 ാം നമ്പർ തീരുമാനം |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 22.3.2017 |

2017-18 സാമ്പത്തിക വർഷത്തെ ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചെങ്കിലും ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും-മറ്റ് വിളകൾ | 250100201 | 700000 | 1273750 |
| 2 | മൃഗസംരക്ഷണം പശുവളർത്തൽ | 250103101 | 500000 | 750000 |
| 3 | മൃഗസംരക്ഷണം രോഗനിയന്ത്രണം | 250104001 | - | 497700 |
| 4 | ക്ഷീരവികസനം-സംഭരണവും വിപണനവും | 250104601 | - | 25000 |
| 5 | കടൽ മത്സ്യകൃഷി | 250105101 | - | 1585001 |
| 6 | പൊതു ആരോഗ്യ പരിപാടികൾ | 251200201 | 100000 | 995277 |
| 7 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 251300601 | 100000 | 212000 |
| 8 | ദാരിദ്ര ലഘൂകരണ പരിപാടികൾ | 251300801 | 300000 | 546983 |
| 9 | പട്ടികജാതി ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 251301002 | 200000 | 979933 |
| 10 | പട്ടികവർഗ ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 251301102 | 9000 | 59000 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 20 / 23.11.18 ന് 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുമ്പാണ് വാർഷിക ബജറ്റ് തയ്യാറാക്കിയത് ആയതിനാൽ വാർഷിക പദ്ധതിയിലെ വകയിരുത്തൽ സംബന്ധിച്ച് ബജറ്റ് തയ്യാറാക്കുന്ന സമയത്ത് വ്യക്തത ഉണ്ടായിരുന്നില്ലെന്നും വാർഷിക ബജറ്റ് റിവൈസ് ചെയ്യണമെന്നത് സംബന്ധിച്ച് മതിയായ വിവരം ഇല്ലായിരുന്നെന്നുമാണ് മറുപടി ലഭിച്ചത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.

## 3-3 വാക്കം കുളം കുടിവെള്ള പദ്ധതി - ലക്ഷ്യം കണ്ടില്ല – ആസൂത്രണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | -144/16-17 |
| കരാറുകാരൻ | - ശ്രീ. റ്റി.ജോൺസെന്റ് |
| അടങ്കൽ | -1,23,25,000/- (ലോകബാങ്ക് ധനസഹായം) |
| ചെലവ് | -1,21,03,589/- രൂപ |
| എം ബുക്ക് നമ്പർ | -204/16-17, 336/17-18, 193/16-17 |

ബിൽ നം./തീയതി

1. 14/16-17തീയതി 31.03.17 തുക 2,37,816
2. 8/17-18 തീയതി 30.08.17 തുക 43,61,000
3. 9/17-18 തീയതി 02.09.17 തുക 42,62,184
4. 11/17-18 തീയതി 11.10.17 തുക 19,33,904
5. 14/17-18 തീയതി 08.01.18 തുക 13,08,685

2016-17 വർഷം പിന്നാക്ക പഞ്ചായത്തിനുള്ള ലോകബാങ്ക് സഹായത്തിലുൾപെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയ പ്രോജക്ടാണിത്. (എന്നാൽ നിർവഹണവേളയിൽ സ്ട്രക്ച്ചറൽ വ്യതിയാനം വരുത്തിയ പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയിട്ടില്ല.) പ്രസ്തുത പ്രോജക്ടിനു വേണ്ടി ഗ്രാമീണ പഠനകേന്ദ്രം കെ.എൽ.ജി.എസ്.ഡി.പി.യുടെ ഭാഗമായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് [02.12.2016 ലെ തീരുമാനം നം 2(4)]. പ്രസ്തുത റിപ്പോർട്ടിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ, മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ സോയിൽ ടെസ്റ്റിംഗ് എന്നിവ പ്രവൃത്തി

നിർവ്വഹണത്തിന് മുൻപായി തനത് ഫണ്ടുപയോഗിച്ച് നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കുളം സൈഡ് വാൾ ലൈനിംഗ് നിർമ്മിച്ച് കുളത്തിനകത്ത് റാഫ്റ്റ് ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനും ഫ്രെയിംഡ് സ്ട്രക്ച്ചറിൽ ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പ് ഹൗസ്, വാട്ടർടാങ്ക്, വാട്ടർ ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവ സ്ഥാപിച്ച് ഗ്രാമപഞ്ചായത്തിലെ 5, 6 വാർഡുകളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

ഇ-ടെണ്ടർ മുഖേന നടത്തിയ ഈ പ്രവൃത്തിക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.റ്റി.ജോൺസെന്റ് എന്ന കരാറുകാരന് പ്രവൃത്തി അംഗീകരിച്ചു നൽകി. നിർവ്വഹണവേളയിൽ കുളത്തിന്റെ നിലവിലുണ്ടായിരുന്ന സംരക്ഷണഭിത്തി തകരുകയും സമീപ പ്രദേശത്തെ വീടുകൾക്ക് ഭീഷണിയാവുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ മണ്ണ് പരിശോധിച്ച് സാങ്കേതിക ഉപദേശം തേടാൻ ഭരണ സമിതി തീരുമാനിച്ചു. പ്രസ്തുത പരിശോധന റിപ്പോർട്ടിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത നിലയിൽ കുളത്തിനകത്ത് നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്ന് നിർദ്ദേശിച്ചു. കുളത്തിന് സംരക്ഷണഭിത്തിയും ഫെൻസിംഗിനുമായും ലഭ്യമായ തുക ചെലവഴിച്ച് കുടിവെള്ള സ്രോതസിന്റെ സംരക്ഷിക്കലാക്കി ചുരുക്കി നിർവ്വഹിച്ചതിനാൽ പ്രോജക്ട് ലക്ഷ്യം കണ്ടില്ല. [04.04.17ലെ ഭരണസമിതി തീരുമാനം നമ്പർ 9(10)].

ഇതിനെതുടർന്ന്, ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് തൻവർഷം ചെയ്ത പ്രവൃത്തികളിൽ ലഭിച്ച ടെന്റർ സേവിംഗ്സും പ്രസ്തുത ഫണ്ടിൽ ബാക്കിയുണ്ടായിരുന്ന തുകയും ഉൾപ്പെടുത്തി 20,31,220 രൂപയുടെ വാക്കംകുളം തുടർ പ്രവൃത്തി എന്ന പ്രോജക്ടിന് (SO161/17) ഭരണാനുമതിയും സാങ്കേതികാനുമതിയും നേടി കുടിവെള്ള പ്രോജക്ട് പൂർത്തിയാക്കാൻ ഭരണസമിതി ശ്രമിച്ചുവെങ്കിലും കുളത്തിന് സമീപത്ത് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, ജലവിതരണ പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായില്ല. 16-17 വർഷം അനുമതി നേടിയ ഈ പ്രോജക്ടും ഇപ്രകാരം ഉപേക്ഷിച്ചു.

പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 1402 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കുന്നതിന് മുമ്പ് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തണമെന്നും അനുയോജ്യമായ ഡാറ്റ കണ്ടെത്തി ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന നിർദ്ദേശവും, KLGSDPയുടെ ഭാഗമായി കരംകുളം ഗ്രാമീണ പഠനകേന്ദ്രം തയ്യാറാക്കി നൽകിയ പ്രോജക്ട് റിപ്പോർട്ടിലെ നിർദ്ദേശവും, പൊതുമാരമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പും മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിക്കാത്തതും നിർവ്വഹണ ഉദ്യോഗസ്ഥ പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചതും പ്രോജക്ട് പരാജയപ്പെടാൻ വഴിയൊരുക്കി. ആസൂത്രണ സമിതിയ്ക്കും ഭരണസമിതിയ്ക്കും ഈ വീഴ്ചയിൽ ഉത്തരവാദിത്വമുണ്ട്.

ഗ്രാമീണ പഠന കേന്ദ്രത്തിന്റെ റിപ്പോർട്ടിലും DPC അംഗീകരിച്ചുനൽകിയ പ്രോജക്ടിലും പ്രോജക്ട് മോണിറ്ററിംഗ് നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും വൈസ് പ്രസിഡന്റ് വൈസ് ചെയർമാനും സെക്രട്ടറി കൺവീനറും LSGD എഞ്ചിനീയർ, 5,6 വാർഡുകളിലെ ജനപ്രതിനിധികളും ഗുണഭോക്താക്കളുടെ പ്രതിനിധികളും അംഗങ്ങളായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും പ്രോജക്ട് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നതും പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നതിന് വിഘാതമായി.

ആവശ്യമായ ഫണ്ടും അനുയോജ്യമായ സ്ഥലവും കണ്ടെത്തി കുടിവെള്ള പദ്ധതിക്കാവശ്യമായ സംവിധാനങ്ങളൊരുക്കി നിലവിൽ നിർമ്മിച്ച കുടിവെള്ള സ്രോതസ് ഉപയോഗപ്രദമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

നെയിം ബോർഡ് സ്ഥാപിച്ചില്ല **– 6,131** രൂപയുടെ ചെലവ് നിരാകരിക്കുന്നു.

എം.ബുക്ക് 336/16-17 പേജ് നമ്പർ 98,99 എന്നിവ പ്രകാരം 75x60cm വിസ്തീർണമുള്ള Granite plaque സ്ഥാപിക്കുന്നതിന് 6,131/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. 26.11.18ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി നടത്തിയ സ്ഥലപരിശോധനയിൽ മേൽ സൂചിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടെത്തി. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 57/28.11.18) നെയിം ബോർഡ് സ്ഥാപിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

നിലവിൽ പ്രവൃത്തിയിനം നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല.

## 3-4 ABC പ്രോഗ്രാം - വിനിയോഗ വിവരമില്ല

തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പരിപാടി എന്ന പ്രോജക്ടിനായി (SO033/18) ചുവടെപ്പറയുംപ്രകാരം 4,97,700/-രൂപ വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക |
|---|---|
| 07/19.01.2018 | 2,98,200 |
| 11/24.02.2018 | 1,99,500 |

കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർക്ക് കൈമാറിയ 4,97,700/-രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് കുടുംബശ്രീ ജില്ലാ മിഷൻ പദ്ധതി നിർവ്വഹണം നടത്തിയതായും അപ്രതീക്ഷിതമായി കുടുംബശ്രീ അക്കൗണ്ടിലെ തുക സർക്കാർ തിരിച്ചെടുത്തതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കാരണം വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 55/28.11.18). വിനിയോഗ രേഖകളുടെ അഭാവത്തിൽ 4,97,700/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മത്സ്യ ബന്ധന മേഖലയിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടൽ അനിവാര്യം

പൂത്തുറ, അഞ്ചുതെങ്ങ്, മാമ്പള്ളി, കായിക്കര, അരുവാളം നെടുങ്കണ്ട എന്നിങ്ങനെ അഞ്ച് മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്നതാണ് ഗ്രാമപഞ്ചായത്തിലെ മത്സ്യബന്ധന മേഖല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രസ്തുത മേഖലയിലെ പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും ചുവടെപ്പറയും പ്രകാരമാണ്.

| ക്രമ | പ്രശ്നം | പ്രശ്നത്തിന്റെ | പ്രശ്നത്തിനുള്ള | പരിഹാരം |
|---|---|---|---|---|

| നമ്പർ | | തീവ്രത | കാരണം | |
|---|---|---|---|---|
| i | മത്സ്യ സമ്പത്ത് കുറയുന്നത് | ഗുരുതരം | കൊല്ലിവള്ളങ്ങളുടെ കടന്നുകയറ്റം, മത്സ്യപ്പാരുകൾ നശിക്കുന്നത്, മുതലപ്പൊഴി, ഫിഷിംഗ് ഹാർബർ എന്നിവ മൂലമുള്ള പരിസ്ഥിതി ആഘാതം, കടൽക്ഷോഭം | കൊല്ലിവള്ളങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, കൃത്രിമ മത്സ്യപ്പാരുകൾ സ്ഥാപിക്കുക, കടൽഭിത്തി ശക്തമാക്കുക, കാറ്റാടി പോലുള്ള മരങ്ങൾ വച്ചു പിടിപ്പിക്കുക |
| ii | മത്സ്യ തൊഴിലാളികൾക്ക് സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ | അതീവ ഗുരുതരം | ഇടനിലക്കാരുടെ കടന്നുകയറ്റം മൂലം മത്സ്യ തൊഴിലാളികൾക്ക് വേണ്ടത്ര വരുമാനം ലഭ്യമാകാത്തത്, വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാത്തതുമൂലം ചൂഷണത്തിന് ഇരയാകുന്നത്, എല്ലാക്കാലങ്ങളിലും തൊഴിൽ ലഭ്യമാകാത്തത് | സർക്കാർ തലത്തിൽ മത്സ്യ വിപണനത്തിന് സൗകര്യമൊരുക്കുക, അനുബന്ധ തൊഴിലുകളിൽ പരിശീലനം ഏർപ്പെടുത്തുക, മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുമുള്ള ചെറുകിട യൂണിറ്റുകൾക്കും ഗാർഹിക യൂണിറ്റുകൾക്കും ധനസഹായം നൽകുക |
| iii | മത്സ്യതൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ | അതീവ ഗുരുതരം | തൊഴിൽ സാഹചര്യങ്ങൾ മൂലമുണ്ടാകുന്ന കുടുംബ ബന്ധങ്ങളുടെ ശൈഥില്യം, രോഗങ്ങൾ, വിദ്യാഭ്യാസത്തിന്റെ കുറവ് | മത്സ്യതൊഴിലാളി കളുടെ മക്കൾക്ക് പഠനോപകരണങ്ങളും പഠന സഹായങ്ങളും ലഭ്യമാക്കുക, തൊഴിൽ ഉപകരണങ്ങൾക്ക് ധനസഹായം നൽകുക, എല്ലാ മത്സ്യ തൊഴിലാളികൾക്കും സുരക്ഷിത ഭവനം, കുടിവെള്ളം, വൈദ്യുതി, ശൗചാലയങ്ങൾ എന്നിവ ഉറപ്പ് വരുത്തുക |

എന്നാൽ മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് 01.03.2017ൽ 2017-18ലെ വാർഷികപദ്ധതി രൂപീകരണവും 12.04.2017ൽ കരട് പദ്ധതി നിർദ്ദേശങ്ങളും മാത്രമാണ് നടത്തിയിട്ടുള്ളത്. മേഖലയിലെ പ്രശ്നങ്ങളൊന്നും തന്നെ ചർച്ച ചെയ്യുകയോ പരിഹാരം നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല.

മത്സ്യതൊഴിലാളികൾക്ക് കട്ടമരം (ഫൈബർ) എന്ന പ്രോജക്ടിനായി (SO056/18) ചുവടെപ്പറയും പ്രകാരം അടങ്കൽ വകയിരുത്തിയിരുന്നു.

| | | |
|---|---|---|
| വികസന ഫണ്ട് (നേരിട്ട് ചെലവഴിക്കുന്നത്) | - | 12,00,000 |
| ഗുണഭോക്തൃ വിഹിതം | - | 12,00,000 |
| ആകെ | - | 24,00,000 |

ആകെ 12,00,000/- രൂപ വികസന ഫണ്ട് വകയിരുത്തിയ പ്രോജക്ടിൽ 1,00,000/-രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവ് 8%).

മേഖലയിലെ പ്രശ്നങ്ങളുടെ പരിഹാരത്തിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതായാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി 49/27.11.18ന്റെ മറുപടി).

എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ട നടപടികളിൽ വേണ്ടത്ര ശ്രദ്ധ പുലർത്താൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കോ മോണിറ്ററിംഗ് ചുമതലയുള്ള മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പിനോ സാധിച്ചില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിലെ മത്സ്യഗ്രാമങ്ങളുടെ കൂട്ടത്തിൽ അരുവാളം നെടുങ്കണ്ടയ്ക്ക് പകരമായി പഞ്ചായത്തിന്റെ മത്സ്യമേഖലയല്ലാത്ത ചിലർ ഉൾപ്പെട്ടിട്ടുണ്ട്. മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ഫർണിച്ചറും മത്സ്യതൊഴിലാളി വനിതകൾക്കായുള്ള ഐസ് ബോക്സുകളും പൂർണമായും വിതരണം ചെയ്യാതിരിക്കുന്നതും 12,00,000/-രൂപ വികസന ഫണ്ട് വകയിരുത്തിയ മത്സ്യതൊഴിലാളികൾക്ക് കട്ടമരം എന്ന പ്രോജക്ടിനായുള്ള ചെലവ് 1,00,000/-രൂപ മാത്രമായതും മേഖലയിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്. മേൽ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ഫർണിച്ചറും ഐസ്ബോക്സുകളും പൂർണമായും വിതരണം ചെയ്തില്ല

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം ചെയ്യാനായി 17-18 സാമ്പത്തിക വർഷം രൂപീകരിച്ച് നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | - SO051/198 |
| അടങ്കൽ തുക | - 9,80,000 (വികസന ഫണ്ട്) |
| ബിൽ നമ്പർ | - 1/27.12.17 |

വിതരണത്തിൽ അവ്യക്തത

9,79,933/- രൂപ വികസനഫണ്ട് ചെലവഴിച്ച് 196 മേശയും കസേരയും കാഡ്കോയിൽ നിന്ന് വാങ്ങി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 26.12.2017ൽ 196 എണ്ണം സ്റ്റോക്കിലെടുത്ത് 09.07.2018 മുതൽ വിവിധ കാലയളവിൽ 170 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 26 ജോഡി ഫർണിച്ചർ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ഇതേ കാലയളവിൽതന്നെ, 2016-17 വർഷ പ്രോജക്ടിലെ ഫർണിച്ചർ 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2017-18ലെ വിതരണ രജിസ്റ്ററിൽ വിതരണം സംബന്ധിച്ച് വ്യക്തതയില്ല. കൈപ്പറ്റിയവരുടേത് കൂടാതെ എല്ലാ ഗുണഭോക്താക്കളുടെയും പേര് വിവരം വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

27.11.2018ൽ ഫർണിച്ചറിന്റെ ഭൗതിക പരിശോധന നടത്തിയതിൽ 25 മേശയും 26 കസേരയും പഞ്ചായത്തോഫീസ് അനുബന്ധ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. സ്റ്റോക്കിലെ വ്യത്യാസത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 49/27.11.18) രജിസ്റ്റർ ഓഡിറ്റിനായി സമർപ്പിച്ചതിന് മുൻപുള്ള ദിവസമാണ് ഒരു ജോഡി ഫർണിച്ചർ വിതരണം ചെയ്തതെന്നും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അധികമായുള്ള ഒരു കസേര സിഡ്കോ ഹാജരാക്കിയ മോഡൽ ഫർണിച്ചറിന്റേതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

2016-17 വർഷം SO31/17-ാം നമ്പരായി മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ പ്രോജക്ട് പ്രകാരം 8,00,000/- രൂപ വികസനഫണ്ട് ചെലവഴിച്ച് 200 കുട്ടികൾക്കായി മേശയും കസേരയും വാങ്ങിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഫർണിച്ചർ പൂർണമായും വിതരണം ചെയ്തത് 01.10.2018ലാണ്.

വിതരണ രജിസ്റ്ററിൽ വ്യക്തമായ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

<u>നടപടിക്രമങ്ങളിൽ അപാകം</u>

ജി.ഒ.(എം.എസ്) 80/2017 ത.സ്വ.ഭ.വ തീയതി 03.04.2017 പ്രകാരം മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിനുള്ള നടപടിക്രമം ചുവടെപ്പറയും പ്രകാരമാണ്.

i) സ്കൂൾ അധികൃതരിൽ നിന്ന് ലിസ്റ്റ് വാങ്ങണം.
ii) സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം.
iii) പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യണം.

എന്നാൽ സ്കൂൾ അധികൃതരിൽ നിന്ന് ലിസ്റ്റ് വാങ്ങുകയോ പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയോ ചെയ്തിട്ടില്ല.

കുട്ടികൾ വർക്കല മുതൽ വെങ്ങാന്നൂർ വരെയുള്ള സ്കൂളുകളിൽ പഠിക്കുന്നതിനാൽ ലിസ്റ്റ് ശേഖരിക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടാണെന്നാണ് ഇതിന് നൽകിയ വിശദീകരണം.

വിദ്യാർത്ഥികളാണെന്നുള്ള സ്കൂൾ സാക്ഷ്യപത്രം ഇല്ലാതെയും ഫർണിച്ചർ നൽകിയിട്ടുണ്ട്.

ഉദാ:-

പസ്കാസ്, പുത്തൻ വീട്, മാമ്പള്ളി
ജോൺസൺ പ്രീത, പുതുവൽ പുരയിടം
സിമി ആൽബി, പള്ളിക്കുടം മേക്കും മുറി

<u>ഐസ് ബോക്സുകളുടെ വിതരണം</u>

മത്സ്യക്കച്ചവടത്തിനുള്ള ഐസ് ബോക്സ് വാങ്ങി നൽകുന്ന പ്രോജക്ടിനായി (SO066/18) 500 ഐസ് ബോക്സുകൾ വാങ്ങിയതിന് 14,85,001/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 21 എണ്ണം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. എന്നാൽ ഭൗതിക പരിശോധന നടത്തിയതിൽ 20 എണ്ണമാണ് സ്റ്റോക്ക് ചെയ്തിട്ടുള്ളത്. വിതരണം ചെയ്തിട്ടും രജിസ്റ്ററിൽ രേഖപ്പെടുത്താഞ്ഞതാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

ഇപ്രകാരം അവ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫർണിച്ചർ, ഐസ് ബോക്സ് എന്നിവയുടെ വിതരണം സംബന്ധിച്ച് വ്യക്തമായ നിഗമനത്തിലെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വിതരണം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിന് മേൽ വിഷയത്തിലേയ്ക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 <u>കാർഷിക മേഖലയിലെ പ്രോജക്ടുകൾ - മോണിറ്ററിംഗ് ഫലപ്രദമാകണം</u>

സ്വയം സഹായ ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്തും തൈകളും ജൈവവളവും വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ ജൈവ സമൃദ്ധി പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | -SO037/18) |
| അടങ്കൽ തുക | വികസനഫണ്ട് - 3,46,800<br>-ഗുണഭോക്തൃ വിഹിതം - 87,000<br>സ്ഥാപനത്തിൽ അടയ്ക്കുന്നത്) |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | -20,400/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | -20,400/- |
| ആകെ | -4,74,600/- |
| ചെലവ് തുക | -4,74,600/- |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകളും അവയ്ക്കുള്ള വിശദീകരണങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | വിശദീകരണം |
|---|---|---|
| i | 60 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ വിഭാവനം ചെയ്ത പ്രോജക്ടിനായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ 76 സ്വയം സഹായ ഗ്രൂപ്പുകളുണ്ടായിരിക്കെ 30 ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയത്. | 30 ഗ്രൂപ്പുകൾ മാത്രമാണ് കൃഷി ചെയ്യാനും ഗുണഭോക്തൃ വിഹിതം അടയ്ക്കാനും താല്പര്യപ്പെട്ടത്. |
| ii | കൂലിച്ചെലവിനത്തിൽ 1360 രൂപ ക്രമത്തിൽ 30 ഗ്രൂപ്പുകൾക്ക് ബിൽ നമ്പർ 13/20.01.2018 പ്രകാരം 40,800/- രൂപ നൽകിയിട്ടുണ്ട്. ഇതുകൂടാതെ നൽകിയ ജില്ലാപഞ്ചായത്ത് വിഹിതമായ 20,400/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 20,400/-രൂപയും (680x30) ചേർത്ത് ആകെ 81,600/- രൂപ കൂലിച്ചെലവ് നൽകിയിട്ടുണ്ട്.<br><br>കൃഷി ഓഫീസറുടെ വിനിയോഗ/പൂർത്തീകരണ റിപ്പോർട്ട് പ്രകാരം 4.8 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം പച്ചക്കറി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി 1.5 ഹെക്ടറാണ്. കൂലിച്ചെലവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ ഓരോ ഗ്രൂപ്പും 20 സെന്റ് സ്ഥലത്ത് കൃഷി ചെയ്തതായാണ് കാണുന്നത്. ഇപ്രകാരം (20x30=600സെന്റ് = 243 ആർ) 2.43 ഹെക്ടർ സ്ഥലത്ത് മാത്രമാണ് കൃഷി ചെയ്തിരിക്കുന്നത്. | 30 ഗ്രൂപ്പുകൾക്ക് 2 യൂണിറ്റ് വീതമാണ് നൽകിയിട്ടുള്ളത്. ഒരു ഗ്രൂപ്പിന് കൃഷി ചെയ്യാൻ 20 സെന്റ് മാത്രമുള്ളതിനാൽ ബാക്കി 20 സെന്റ് പാട്ടത്തിനെടുത്താണ് കൃഷി ചെയ്തത്.(അധികമായി പാട്ടത്തിനെടുത്ത 20 സെന്റിന്റെ രേഖകൾ ആദ്യം ഓഡിറ്റിന് സമർപ്പിച്ചില്ല). പച്ചക്കറി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി മോണിറ്ററിംഗ് റിപ്പോർട്ടിൽ എഴുതിയതിൽവന്ന പിശക് തിരുത്തിയിട്ടുണ്ട്. |

കാർഷിക മേഖലയിലെ പ്രോജക്ട് നിർവ്വഹണത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർ നിരീക്ഷണം ശക്തിപ്പെടുത്തേണ്ടതാണ്. കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതും പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

## 3-8 മരുന്ന് വാങ്ങൽ പദ്ധതി-ചെലവ് തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല

**i)** ഹോംകോയിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (S0023/18)

| | |
|---|---|
| അടങ്കൽ | : 100000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ബിൽ നം,തീയതി | : 01/17-18, 31.8.17 |
| നിർവഹണം | : ഹോമിയോ മെഡിക്കൽ ഓഫീസർ |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം 1,00,000/- രൂപ ഹോംകോയ്ക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയെങ്കിലും (ഇൻവോയിസ് PI 137/10.8.17), ഒരു വർഷത്തിനുശേഷവും മരുന്നുകൾ ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no 19/ 23.11.2018) പ്രളയക്കെടുതി കാരണമുണ്ടായ കാലതാമസം ആണെന്നും, മരുന്നുകൾ ഉടനെ ലഭ്യമാക്കുന്നതാണെന്നും ഹോംകോ അറിയിച്ചിട്ടുള്ളതായി മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ii)** പാലിയേറ്റീവ് പരിചരണം

| | |
|---|---|
| പ്രോജക്റ്റ് നം | - S0011/18 |
| പേര് | - സാന്ത്വനചികിത്സാ പദ്ധതി |
| വികസന ഫണ്ട് | - 1000000/- (വി.ഫ.ജനറൽ) |
| ചെലവ് | - 995277/- |
| നിർവഹണം | – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

പാലിയേറ്റീവ് പരിചരണം പദ്ധതിയുടെ ഭാഗമായി മരുന്ന് /equiments വാങ്ങുന്നതിനായി ചുവടെപ്പറയും പ്രകാരം തുകകൾ പിൻവലിച്ച് കേരളാ മെഡിക്കൽ സർവീസസ് കോർപറേഷന് അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട്.

| ക്രമ നം | തുക | ലഭ്യമായ മരുന്ന് | ഇനി ലഭിക്കാനുള്ളത് |
|---|---|---|---|
| 1 | 1,78,539 (Bill no : 2/18 dt 22.9.17) | 156217 | 22322 |
| 2 | 3,21,461 (Billno : 4/18 dt 6.4.17) | 271194 | 50267 |
| 3 | 1,12,313 (56690+18267+37356) (Billno : 8/18 dt 28.3.18) | 49411 | 7279 |
| | | 0 | 18267 |
| | | 21239 | 16117 |
| ആകെ | 612313 | 498061 | 114252 |

ആകെ അടച്ച 6,12,313/-രൂപക്ക് മുഴവൻ മരുന്ന്/equipments ലഭ്യമായിട്ടില്ല. 1,14,252/- യുടെ മരുന്ന് ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാതൃകാപരം

തൻവർഷം പഞ്ചായത്ത് 10,00,000/- വികസനഫണ്ട് വകയിരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി സാന്ത്വനചികിത്സാ പദ്ധതി (പ്രോജക്റ്റ് നം S0011/18) രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണസംവിധാനം സംബന്ധിച്ച് ജി.ഒ(ആർ.ടി)3217/2015/ത.സ്വ.ഭ.വ തീ.29.10.2015 ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഹാജരാക്കിയിട്ടുള്ള ഫയലുകളുടെയും, രജിസ്റ്ററുകളുടെയും പരിശോധനയിൽ മരുന്ന് ലഭ്യമാകുന്നതിലുള്ള കാലതാമസം ഒഴിച്ചാൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നുവരുന്നതായി വിലയിരുത്തുന്നു.

## **3-10** <u>തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു</u>

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| മാസം | ഒടുക്കിയ തുക |
|---|---|
| ഏപ്രിൽ 2017 | 22429 |
| മെയ്2017 | 22429 |
| ജൂൺ 2017 | 24946 |
| ജൂലൈ 2017 | 24946 |
| ഓഗസ്റ്റ് 2017 | 28554 |
| സെപ്റ്റംബർ 2017 | 24946 |
| ഓക്ടോബർ 2017 | 24946 |
| നവംബർ 2017 | 24946 |
| ഡിസംബർ 2017 | 24946 |
| ജനവരി 2018 | 24946 |
| ഫിബ്രവരി 2018 | 24946 |
| മാർച്ച്2018 | 24946 |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽപ്പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

കെ.എസ്.ഇ.ബി യുടെ B.O.(FTD)No.1043/2017(KSEB/TRAC/Tarrif Revision /2017-18) Tvpm dated 21.04.17 പ്രകാരമുള്ള എൽ.റ്റി 8 (എ), എൽ.റ്റി 8 (ബി) താരിഫ് റേറ്റ് ചുവടെ ചേർക്കുന്നു.

| LT – VIII (A) – Composite Tariff for Unmetered |
|---|

| Street Lights (Revised Tariff w.e.f 18.04.2017) | | |
|---|---|---|
| TYPE OF LAMP | Watts (W) | Rs/Lamp/Month @ 12 Hours per day |
| Ordinary | 40 | 66 |
| Ordinary | 60 | 102 |
| Ordinary | 100 | 167 |
| Fluo. tube | 40 | 66 |
| Fluo. tube | 80 | 134 |
| Flood light | 1000 | 1677 |
| MV Lamp | 80 | 143 |
| MV Lamp | 125 | 222 |
| MV Lamp | 160 | 286 |
| MV Lamp | 250 | 447 |
| MV Lamp | 400 | 714 |
| SV Lamp | 70 | 125 |
| SV Lamp | 80 | 143 |
| SV Lamp | 100 | 178 |
| SV Lamp | 125 | 222 |
| SV Lamp | 150 | 267 |
| SV Lamp | 250 | 447 |
| CFL | 11 | 16 |
| CFL | 15 | 22 |
| CFL | 18 | 26 |
| CFL | 22 | 32 |
| CFL | 30 | 44 |
| CFL | 36 | 53 |
| CFL | 44 | 64 |
| CFL | 72 | 105 |

| | | |
|---|---|---|
| CFL | 144 | 210 |
| LED | 12 | 9 |
| LED | 18 | 14 |
| LED | 20 | 15 |
| LED | 24 | 20 |
| LED | 30 | 25 |
| LED | 40 | 30 |
| LED | 45 | 35 |

| LT – VIII (B) Tariff for Metered Street Lights and Traffic Signal Lights | | |
|---|---|---|
| Particulars | Pr-revised | Revised (w.e.f 18.04.2017) |
| a) Fixedcharge (Rs/ meter/month) | 30 | 40 |
| b) Energy Charge (Rs. per unit) | 3.6 | 3.9 |

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കു |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കു |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഈടാക്കുന്നില്ല. |
| ചാർജ്ജ് ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുവാൻ പ്രയാസം നേരിടുന്നു | പ്രവർത്തികുന്നതിനനുസരിച്ചുമാത്രമേ ചാർജ്ജ് ഈടാക്കുന്നുള്ളു എന്ന് ഉറപ്പു വരുത്താൻ കഴിയുന്നു |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/23.11.18 ന് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ആയതിനു വേണ്ടി തുക ഡെപ്പോസിററ് ചെയ്യുകയോ ചെയ്തിട്ടില്ലെന്നും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു.

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-11 ജാഗ്രത സമിതി - കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം (എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം.

രണ്ട് മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കുക. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സമഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം 31/ 26.11.18 ന് 2017-18 സാമ്പത്തിക വർഷം ജാഗ്രതസമിതി കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ല എന്നാണ് മറുപടി ലഭിച്ചത്. മാർഗരേഖ പ്രകാരം കൃത്യമായും ജാഗ്രതസമിതി പ്രവർത്തിക്കുന്നുണ്ടന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-12 അങ്കണവാടികളിൽ പോഷകാഹാരം ഗുണനിലവാരം ഉറപ്പവരുത്തണം

ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരുതവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4 / 23.11.18 ന് ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല എന്നാണ് മറുപടി ലഭിചത്.

മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ കൃത്യമായും സ്വീകരിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-13 സബ്സിഡി മാർഗരേഖയിലെ അവ്യക്തത – സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു

ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റിക്കു കീഴിലെ ദാരിദ്ര്യലഘൂകരണം എന്ന വർക്കിംഗ് ഗ്രൂപ്പിൻറെ മേൽനോട്ടത്തിൽ വില്ലേജ്

എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

സ.ഉ(എം.എസ്) 80/17 തസ്വഭവ തീ:3.04.17 പ്രകാരം ദാരിദ്ര്യലഘൂകരണത്തിനു വേണ്ടി ഭവനപദ്ധതി കുടിശ്ശിക തുക നല്കൽ, വീടിന്റെ മേൽക്കൂര മാറ്റൽ, വീട് വാസയോഗ്യമാക്കൽ, ലൈഫ് മിഷൻ പണിപൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം എന്നീ പ്രോജക്ടുകളാണ് അനുവദിച്ചുനൽകിയിട്ടുള്ളത്. വീട് വാസയോഗ്യമാക്കുക എന്നതിന്റെ സബ്സിഡി നിർദ്ദേശത്തിൽ ഗുണഭോക്താക്കൾ എന്തൊക്കെ പ്രവർത്തികൾ നിർവ്വഹിക്കണമെന്നോ ഏതൊക്കെ ഇനങ്ങൾക്കാണ് സബ്സിഡി അനുവദിക്കാവുന്നതെന്നോ എസ്റ്റിമേറ്റിന്റെ എത്ര ശതമാനത്തിനാണ് അർഹത ഉള്ളതെന്നോ കൃത്യമായ നിർദ്ദേശമില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വ്യത്യസ്ത രീതിയിൽ നിർമ്മാണപ്രവൃത്തികൾ നടത്തുകയും അതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കി ആനുകൂല്യം കൈപ്പറ്റുകയും ചെയ്യുന്നു.

2017-18 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി 47,50,000/- രൂപ (28,00,000+19,50,000) വികസനഫണ്ട് വകയിരുത്തുകയും 36 ഗുണഭോക്താക്കൾക്ക് (23 ജനറൽ, 13 എസ്.സി) ആനുകൂല്യം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗരേഖ പ്രകാരംവാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് വേണ്ടിമാത്രമേ പ്രസ്തുത ആനുകൂല്യം നല്കാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷാ പരിശോധനയിൽ, പലരും എസ്റ്റിമേറ്റിൽ സെറാമിക് ടൈൽസ് ഉപയോഗിച്ച് നിലം പാകൽ എന്ന കൂടിയ നിരക്കിലുള്ള പ്രവൃത്തി കൂടി ഉൾപ്പെടുത്തിയാണ് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. വാസയോഗ്യമാക്കൽ എന്നതിലുപരി മോടിപിടിപ്പിയക്കൽ പ്രവൃത്തിയാണ് ഇത്. ഹാജരാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ടൈൽസ് പാകൽ എന്ന പ്രവൃത്തിയുടെ മൂല്യം കൂടി കണക്കിലെടുത്താണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സബ്സിഡി ലഭ്യമായ ഗുണഭോക്താക്കളുടെ പേരുവിവരം താഴെ പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ശുഭ,കടകത്ത് വീട്, അഞ്ചുതെങ്ങ് |
| 2 | സുദർശനൻ, വാടയിൽ വീട്, അഞ്ചുതെങ്ങ് |
| 3 | പൌളിൻ കാർമൽ,മുരുക്കുവിളാകം |
| 4 | രമാമണി, പ്രവീണാ മന്ദിരം |
| 5 | റോണിക്ക, പുതുവൽപുരയിടം, അഞ്ചുതെങ്ങ് |
| 6 | മേരി,പോളയ്യൽ, കായിക്കര |
| 7 | ജോയ്സ്,കൊച്ചുകിണറ്റിൻമൂട് |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (35/24.11.18), ഈർപ്പം നിലനില്ക്കുന്ന പ്രദേശങ്ങളാകയാൽ തറ സിമന്റ് ചെയ്യുന്നത് അധികകാലം നില്ക്കില്ല എന്നതിനാലാണ് ഇപ്രകാരം ടൈൽ പാകൽ പ്രവൃത്തി ചെയ്യുന്നതെന്നും, ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽപ്രവൃത്തി പൂർണമായി നിർവഹിച്ചിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടുള്ളതാണെന്നും മറുപടി നല്കിയിട്ടുണ്ട്. കൃത്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥർ ഇപ്രകാരം അനധികൃത ധനസഹായം അനുവദിച്ചുനൽകുന്ന സാഹചര്യമുണ്ട്. ഈ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച- വിലയിരുത്തൽസമിതിയുടെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ട്

2017-18 സാമ്പത്തികവർഷം പഞ്ചായത്ത് ആശ്രയപദ്ധതി ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. പ്രോജക്റ്റ് നം.77/18 ആയി ആശ്രയ പദ്ധതി അംഗീകാരം നേടിയിട്ടുണ്ടെങ്കിലും പദ്ധതിക്കായി വികസന ഫണ്ടിൽനിന്ന് വകയിരുത്തിയിരിക്കുന്നത് 1,000/- മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. ദാരിദ്ര്യനിർമാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്റ്റ് ഉണ്ടായിരിക്കേണ്ടതാണ്. ചലഞ്ച് ഫണ്ടിനത്തിൽ പഞ്ചായത്തിന് 15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്, എങ്കിലും കാര്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ആശ്രയ അക്കൗണ്ടിൽ 13,87,746/- നിലവിൽ നീക്കിയിരിപ്പുണ്ട്.

ആശ്രയ പദ്ധതി ഒന്നാം ഘട്ടം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി കുടുംശ്രീമിഷന് സമർപ്പിച്ചെങ്കിലും, അംഗീകാരം ലഭിച്ചില്ല. ആശ്രയ രണ്ടാംഘട്ട പ്രോജക്റ്റ് അംഗീകരിച്ച് ലഭ്യമാകാത്തതിനാലാണ് ആശ്രയപദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം.28/26.11.18, 58/27.11.18) ക്ക് മറുപടി നൽകിയിട്ടുണ്ട്.

ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണെങ്കിലും അപ്രകാരമുള്ള ചുമതല നിർവഹിച്ചിട്ടില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 3-15 സാമൂഹ്യ നീതി-സ്റ്റാറ്റസ് റിപ്പോർട്ട് പ്രാവർത്തികമാക്കുന്നില്ല.

എല്ലാ ഗ്രാമപഞ്ചായത്തുകളും വിവിധ മേഖലകളിലെ പദ്ധതികൾ തയ്യാറാക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാ രേഖ (Status report)ൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതെന്നും അപ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതെന്നും അപ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകളാണെന്നും ജില്ലാ ആസൂത്രണ സമിതി ഉറപ്പ് വരുത്തേണ്ടതാണെന്നും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ (GO(Ms) N0.72/2017/ത.സ്വ.ഭ.വ തീയതി 29.03.2017). സർക്കാർ ഉത്തരവായിട്ടുള്ളത്. എന്നാൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അവസ്ഥാ രേഖ അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല.

സാമൂഹ്യ നീതി സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2017-18 ൽ മുൻഗണന നല്കിയിട്ടുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

a) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കൽ.
b)വെള്ളം, വൈദ്യുതി ഇല്ലാത്ത അങ്കണവാടികൾക്ക് അവ ലഭ്യമാക്കൽ.
c) മാനസിക ശരീര ശേഷി വർദ്ധിപ്പിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുക.
d) എഡ്യ് കണ്ടെയ്നർ ലഭ്യമാക്കുക.
e)ഭക്ഷണം പാകം ചെയ്യാനും വിതരണം ചെയ്യാനുമുള്ള പാത്രങ്ങൾ ലഭ്യമാക്കുക.

01.03.2017 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ശുപാർശ ചെയ്തിരുന്നു. ഓഡിറ്റ് എൻക്വയറി 4 ന് നൽകിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തിലെ 15 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. കുടിവെള്ളം ഇല്ലാതെ ഒരു അങ്കണവാടിയും (സെന്റർ നം.1) വൈദ്യുതിയില്ലാതെ രണ്ട് അങ്കണവാടികളും

(സെന്റർ നം.10,15) ചുറ്റമതിൽ ഇല്ലാതെ 4 അങ്കണവാടികളും (സെന്റർ നം.13,14,17,20,23) പ്രവർത്തിക്കുന്നുണ്ട്.

മേൽ പറഞ്ഞ പ്രകാരമുള്ള അവസ്ഥകൾ നിലനിൽക്കെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മുൻഗണന നൽകിയ വിഷയങ്ങൾക്ക് യാതൊരു പരിഗണനയും നൽകാതെ നിർബന്ധമായും (mandatory) അനുഷ്ഠിക്കേണ്ടുന്ന പദ്ധതികൾ മാത്രമാണ് സാമൂഹ്യ നീതിയിൽ നടപ്പാക്കിയിട്ടുള്ളത്.

ആയതിനാൽ വിഷയത്തിൽ വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണ സമിതിയും പ്രത്യേക ജാഗ്രത പുലർത്തേണ്ടുന്നതും സ്റ്റാറ്റസ് റിപ്പോർട്ടിന് അനുസൃതമായി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ്.

## 3-16 അങ്കണവാടികൾക്ക് അധിക വാടക-അധിക തുക നൽകുന്നു.

ഗ്രാമപഞ്ചായത്തിൽ 10 അങ്കണവാടികളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ടി അങ്കണവാടികൾക്ക് സാമൂഹ്യ നീതി വകുപ്പ് നൽകുന്ന തുക (750/-) കിഴിച്ച് കരാർ പ്രകാരമുള്ള ബാക്കി തുക നൽകുന്നതിന് മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ൽ നിന്നും 33,000/- രൂപ വകയിരുത്തുകയും ബിൽ നം.18/17-18 തീയതി 28.03.2018 പ്രകാരം 24,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. (പ്രോജക്ട് നം.24/18)

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അങ്കണവാടി നം | കരാർ പ്രകാരമുള്ള വാടക | ഡിപ്പാർട്ട്മെന്റ് നൽകിയ വാടക | അധിക വാടക നൽകിയത് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | AW.2 ഡിവൈൻ സ്റ്റോർ | 1000 x12 =12000/- | 750 x 12=9000/- | 1950/- | (-1050) |
| 2 | AW.3 | 1500 x 12 =18000/- | 9000/- | 3000/- | (-6000) |
| 3 | AW.11 | 1500 x 12 =18000/- | 9000/- 9000/- | 3600/- | (-5400/-) |
| 4 | AW.15 | 1000 x12 =12000/- | 9000/- | 1700/- | (-1300/-) |
| 5 | AW.23 | 1500 x 12 =18000/- | 9000/- | 3000/- | -6000 |
| 6 | AW.10 | 1000 x12 =12000/- | 9000/- | 3600/- | 600/- |
| 7 | AW.13 | 750 x12 =9000/- | 9000/- | 1200/- | 1200/- |
| 8 | AW.16 | 800 x12 =9600/- | 9000/- | 1600/- | 1000/- |
| 9 | AW.20 | 800 x12 =9600/- | 9000/- | 1600/- | 1000/- |
| 10 | AW.17 | 800 x12 =9600/- | 9000/- | 600/- | |

മേൽപ്പറഞ്ഞ കണക്കുകൾ പരിശോധിച്ചാൽ യഥാർത്ഥ വാടകയെക്കാൾ 5 അങ്കണവാടികൾക്കായി 3,800/- രൂപ അധികം നൽകുകയും അർഹതയുള്ള 4 അംഗൻവാടികൾക്ക് 19,750/- രൂപ നൽകാതിരിക്കുകയും ചെയ്തിട്ടുണ്ട്. ചെലവു രേഖകൾ പ്രകാരം 9,000/- രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ അധികമായി

ചെലവഴിച്ച 3,800/- രൂപയും ചേർത്ത് 12,800/- രൂപ അർഹമായ അങ്കണവാടികൾക്ക് ഉപയോഗിക്കാമായിരുന്നു.

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.44 ന് നൽകിയ മറുപടി പ്രകാരം 2,3,11,13,15,16,17,20,22,10 എന്നീ അങ്കണവാടികൾക്ക് 2017 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സാമൂഹ്യ നീതി വകുപ്പിൽ നിന്നു നൽകാവുന്ന പരമാവധി തുകയിൽ നിന്ന് പഞ്ചായത്ത് ഫണ്ട് വിഹിതം കുറവ് ചെയ്താണ് വാടക നൽകിയിട്ടുള്ളതെന്നും 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെ പരമാവധി തുക (750/-) ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകിയിട്ടുണ്ടെന്നുമാണ്. ആയതിനാൽ അധികമായി നൽകിയ വാടകത്തുകയായ 3,800/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **3-17** <u>മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ടിൽ നിന്നും വ്യതിചലിച്ചു.</u>

| | |
|---|---|
| പ്രോജക്ട് നം. | - SO 069/18 |
| അടങ്കൽ | - 106000/- (ജനറൽ)<br>53000/- (ബ്ലോക്ക് വിഹിതം)<br>53000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹോണോദ്യോഗസ്ഥ | - ICDS സൂപ്പർവൈസർ |

2017-18 സാമ്പത്തിക വർഷത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിനായി 2,12,000/- രൂപ വകയിരുത്തുകയും വിവിധ ബില്ലുകൾ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതുമാണ്. പ്രോജക്ട് പ്രകാരം 8 കുട്ടികൾക്ക് സ്കോളർഷിപ്പിനായി പ്രതിവർഷം 12,000/- രൂപയും, ബത്തയായി 12,000/- രൂപയും പഠനോപകരണങ്ങൾക്ക് 2,000/- രൂപയും വസ്ത്രത്തിന് 500/- രൂപയും ചേർത്ത് ആകെ 26,500/- രൂപ നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 7 കുട്ടികൾക്ക് 28,500/- രൂപ വീതവും ഒരു കുട്ടിക്ക് 12,500/- രൂപയുമാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം പദ്ധതി നടത്തിയിരുന്നുവെങ്കിൽ മുഴുവൻ കുട്ടികൾക്കും 26,500/- രൂപ വീതം നൽകുവാൻ കഴിയുമായിരുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.44/27.11.2018) നൽകിയ മറുപടിയിൽ പദ്ധതി തയ്യാറാക്കിയത് 2016-17 മാർഗ്ഗരേഖ പ്രകാരമായിരുന്നുവെന്നും നടപ്പാക്കിയത് 2017-18 മാർഗ്ഗരേഖ പ്രകാരമാണെന്നും ആയതിനാലാണ് ഒരു കുട്ടിക്ക് 28,500/- രൂപ വീതം നൽകാനിടയായതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 19.03.2018 ലെ കമ്മിറ്റി തീരുമാനപ്രകാരമാണ് ജാകിലിൻ പത്രോസ് എന്ന ഗുണഭോക്താവിനെ തെരഞ്ഞെടുത്തു നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ 19.03.2018 ൽ പദ്ധതി പണമായി 12,500/- രൂപ മാത്രമേ ശേഷിക്കുന്നുള്ളുവെന്നും മുഴുവൻ തുകയും നൽകാൻ കഴിയില്ല എന്ന വിവരവും നിർവ്വഹണോദ്യോഗസ്ഥ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ജനറൽ കമ്മിറ്റിയിലോ അറിയിച്ചതായി കാണുന്നില്ല. ഒരു വിഭാഗം ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകുമ്പോൾ ഒരാൾക്ക് മാത്രം കുറഞ്ഞ തുകയും നൽകുന്നത് വിവേചനമാണെന്ന ധാരണ പരത്തുന്നതിന് കാരണമാകുമെന്നതിനാൽ കൂടുതൽ അവധാനതയോടെ പ്രവർത്തിക്കുവാൻ നിർവ്വഹോണോദ്യോഗസ്ഥയും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 98400 | ജൈവ സമൃദ്ധി മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ക്ഷീര വർദ്ധിനി - പാലിന് സബ്സിഡി | 20400 53000 25000 | 0 |
| ജില്ലാപഞ്ചായത്ത് | 0 | 73400 | ജൈവ സമൃദ്ധി മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 20400 53000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ എസ്റ്റൻഷൻ | 70550 | 0 | 70550 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നും തന്നെ ഇല്ല.

### 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66462936.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63063199.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6131.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 497700.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 6131 | ശ്രീ.അരുൺ ചന്ദ്,<br>അസിസ്റ്റന്റ് എഞ്ചിനിയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 497700 | ശ്രീ.ഷിജു.എസ്.വി, വെറ്റിനറി സർജൻ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.അരുൺചന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ,<br>അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് | അരുൺ നിവാസ്,<br>ചാത്തന്നൂർ.പി.ഒ, കൊല്ലം |
| 2 | ശ്രീ.ഷിജു.എസ്.വി | വെറ്റിനറി സർജൻ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് | അനശ്വര, നെട്ടുകാട്,<br>കരമന |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ് .എ.റ്റി .വി.എം.<br>ജി.പി. 8/950/ 2018 ,<br>08.05.2018 | 3 (3.1,3.5,3.6) | |
| 2006-07 | കെ.എസ് .എ.റ്റി .വി.എം. ജി.പി.<br>8/950/ 2018 , 08.05.2018 | 3 (3.6,3.7,3.8) | |

| | | | |
|---|---|---|---|
| 2007-08 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 5 (3.11,3.16,3.17,3.18, 3.19) | |
| 2008-09 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 4 (3.1,3.6,3.8,3.9) | |
| 2009-10 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.2,3.2,3.3,3.4,3.5,4.3) | |
| 2010-11 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.1,2.2,2.3,3.2,3.4,4.6) | |
| 2012-13 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 11 (2.2,2.3,2.4,2.5,3.1,3.2, 3.3,3.4,3.6,3.10,3.11) | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8 /1367/2015, 17.10.2015 | 4 (3.2,3.6,3.12,3.16) | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 3 (2.2,3.1,3.3) | |
| 2015-16 | കെ എസ്. എ/ റ്റി. വി. എം/ ജി. പി. 6/2196 /2016, 28.12.2016 | 4 (2.2,3.1,3.2,3.3) | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി .8/1615/2017, 04.08.2017 | 9 (2.1,2.2,2.3,2.4,2.5,2.10, 3.1,3.6,3.9) | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*edited BL*

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ്

ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ